STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.286/PR/SPMC/PHQ/2025 Date: 21.09.2025

## ഹോപ്പ്  എസ്.പി.സി ജോയിൻറ് അലുമിനി മീറ്റ് 2025; വിവിധ മേഖലകളിലെ പ്രമുഖരുമായി സംവാദം

തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ നടക്കുന്ന കേരളാ പോലീസിൻറെ അഭിമാന പദ്ധതികളായ ഹോപ്പ്,  സ്റ്റുഡൻറ് പോലീസ് കേഡറ്റ് എന്നിവയുടെ സംയുക്ത അലുമിനി മീറ്റിൽ വിവിധ മേഖലകളിലെ പ്രമുഖർ സംവാദങ്ങൾ നയിക്കും.

ഒന്നാം ദിവസമായ തിങ്കളാഴ്ച്ച രാവിലെ 11 മണിമുതൽ ആരംഭിക്കുന്ന സംവാദങ്ങളിൽ ലൈഫ് സ്കിൽ ട്രെയിനർ തോമസ് വിൽസൺ, രഹസ്യാനേഷണ വിഭാഗം എ.ഡി.ജി.പി പി. വിജയൻ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും സോഷ്യൽ പോലീസിംഗ് വിഭാഗം ഡയറക്ടറുമായ എസ്. അജീത ബീഗം, ചീഫ് വൈൽഡ് ലൈഫ് വാർഡൻ & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പ്രമോദ് ജി കൃഷ്ണൻ, റിട്ടയേർഡ് ഡിജിപി  & മെമ്പർ KRERA ഡോ. ബി സന്ധ്യ, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ റ്റി വി, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ജനറൽ എൻഎസ്കെ ഉമേഷ് തുടങ്ങിയ പ്രമുഖർ സംവാദങ്ങളിൽ പങ്കെടുക്കും.

രണ്ടാം ദിവസം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിന്റെ പൂർവവിദ്യാർത്ഥികൾക്കും ഹോപ്പ് പദ്ധതിയുടെ പൂർവവിദ്യാർഥികൾക്കും പ്രത്യേകമായാണ് സംവാദങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പൂർവ വിദ്യാർത്ഥികൾക്ക് പോലീസ് ട്രെയിനിങ് കോളേജിലെ കോൺഫറൻസ് ഹാളിലും ഹോപ്പ് പദ്ധതിയുടെ പൂർവവിദ്യാർത്ഥികൾക്ക് പോലീസ് ട്രെയിനിങ് കോളേജിലെ മൈൻഡ് ഓഡിറ്റോറിയത്തിലും വച്ചാണ് സംവാദങ്ങൾ നടക്കുന്നത്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പൂർവവിദ്യാർഥികൾക്കായി സംഘടിപ്പിച്ചിരിക്കുന്ന സംവാദങ്ങളിൽ ലൈഫ് സ്കിൽ ട്രെയിനർ നിർമൽ, ഓർഗനൈസേഷണൽ സൈക്കോളജിസ്റ്റ് ഡോ. അജിത് ശങ്കർ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും സോഷ്യൽ പോലീസിംഗ് വിഭാഗം ഡയറക്ടറുമായ എസ്. അജീത ബീഗം തുടങ്ങിയ പ്രമുഖരാണ് സംവാദങ്ങൾ നയിക്കുന്നത്.

ഹോപ്പ് പദ്ധതിയുടെ പൂർവ്വ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചിരിക്കുന്ന സംവാദങ്ങളിൽ ഓർഗനൈസേഷണൽ സൈക്കോളജിസ്റ്റ് ഡോ. അജിത് ശങ്കർ, ലൈഫ് സ്കിൽ ട്രെയിനർ സാം ജോസഫ്, സൈക്കോളജിസ്റ്റ് ഡോ. എൽ ആർ മധുജൻ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

ഹോപ്പ് എസ്. പി. സി സംയുക്ത അലുമിനി മീറ്റിന് എത്തുന്ന പൂർവ്വ വിദ്യാർത്ഥികൾക്കായി കലാപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. മെന്റലിസ്റ്റ് സുജിത്ത് സുരേന്ദ്രൻ, ജനമൈത്രി ഓർക്കസ്ട്ര ടീം, പൂർവ്വ വിദ്യാർത്ഥികളിൽ നിന്നുള്ളവർ അവതരിപ്പിക്കുന്ന കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**********************************